LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡ് പുതുക്കൽ

208 (1252) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് പുതുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പുതിയ കാർഡ് ഗുണഭോക്താക്കൾക്ക് എപ്പോൾ കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(സി) ബി.പി.എൽ. മാനദണ്ഡങ്ങൾ പാലിക്കുന്ന നിലവിലെ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

ഉത്തരം

(എ) കാർഡുടമകളിൽനിന്നും പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിലൂടെ സ്വീകരിച്ച് കാർഡുടമയുടെ ഫോട്ടോ എടുക്കുന്ന നടപടികളാണ് നടന്നുവരുന്നത്.

(ബി) 1-7-2015 മുതൽ പുതിയ കാർഡുകൾ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കാർഡുടമകൾ പൂരിപ്പിച്ച് നൽകുന്ന കാർഡ് പുതുക്കലിന്റെ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി റാങ്കിംഗ് നടത്തി കരട് പട്ടിക പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തി, ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് പരിഹരിച്ചശേഷം ഗ്രാമ/വാർഡ് സഭകളുടെ അനുമതിയുടെ അടിസ്ഥാനത്തിൽ അർഹതയുള്ള എല്ലാപേർക്കും മുൻഗണനാ കാർഡുകൾ (ബി.പി.എൽ.) നൽകുന്നതാണ്.

കൊല്ലം ജില്ലയിലെ റേഷൻ കാർഡുകൾ

209 (1253) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ വിവിധ താലൂക്ക് സപ്ലൈ ഓഫീസുകളുടെ പരിധിയിൽ നിലവിൽ ആകെ എത്ര റേഷൻകാർഡുകളാണ് ഉള്ളത് ;

(ബി) നാളിതുവരെ പുതിയ റേഷൻ കാർഡിനായി എത്ര പേർ ഫോട്ടോ എടുക്കുകയും അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്;

(സി) ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അപേക്ഷ നൽകി ഫോട്ടോ എടുക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഡി) സ്വീകരിച്ച അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ ; എങ്കിൽ ആയത് എങ്ങനെ സാദ്ധ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) അപേക്ഷകർ നൽകിയിട്ടുള്ള വിവരങ്ങൾ മാത്രം ആധാരമാക്കി പുതിയ റേഷൻകാർഡ് വിതരണം ചെയ്താൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പുതിയ കാർഡ് അനുവദിക്കുമ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ പേരുവിവരം പ്രാദേശികമായി പരസ്യപ്പെടുത്തുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 7,14,097 കാർഡുകൾ.

(ബി) 5-3-2015 വരെ 6,61,150 കാർഡുടമകളുടെ ഫോട്ടോ എടുത്തിട്ടുണ്ട്.

(സി) 31-3-2015-ന് ഫോട്ടോ ക്യാമ്പുകൾ അവസാനിച്ചതിനുശേഷം ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ഫോട്ടോ എടുക്കാൻ നടപടികൾ സ്വീകരിക്കും.

(ഡി) കാർഡുടമകളിൽനിന്നും ശേഖരിച്ചിട്ടുള്ള പൂരിപ്പിച്ച അപേക്ഷാ ഫാറം ഡാറ്റാ എൻട്രിക്കുശേഷം പരിശോധിക്കുകയും, കരട് മുൻഗണനാ പട്ടിക പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുകയും ചെയ്യും. ഈ കരട് പട്ടിക സോഷ്യൽ ആഡിറ്റിന് വിധേയമായി, പരാതികൾ പരിഹരിച്ച ശേഷം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച് നൽകുന്ന പട്ടികയുടെ അടിസ്ഥാനത്തിലാണ് മുൻഗണനാ കാർഡുകൾ നൽകുന്നത്.

(ഇ) സോഷ്യൽ ആഡിറ്റിംഗിൽകൂടി മുൻഗണനാ പട്ടിക കുറ്റമറ്റതാക്കുവാൻ കഴിയും.

(എഫ്) മുൻഗണന വിഭാഗത്തിന്റെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly